ടൂറിസം കോഴ്സിൽ കേരള സർക്കാർ നടത്തുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി വിജയം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുമാണ് സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ.സ്കൂളികളിലെ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യതയായി കരട് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലം എം.എൽ.എ.-യിൽ നിന്നും 27-5-2003-ന് ലഭിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

അറ്റൻഡർമാർക്ക് ഗ്രേഡ് ലൈബ്രേറിയൻ തസ്തികയിൽ പ്രൊമോഷൻ

54 (2897) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുള്ള അറ്റൻഡർമാർക്ക് IV ഗ്രേഡ് ലൈബ്രേറിയൻ തസ്തികയിൽ പ്രൊമോഷൻ നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പരിധിയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള കോമൺ പൂൾ ലൈബ്രറി സബോർഡിനേറ്റ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ് വിജ്ഞാപനം സർക്കാരിന്റെ പരിഗണനയിലാണ്. അതനുസരിച്ച് ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

പി.എസ്.സി., എംപ്ലോയ്മെന്റ് മുഖേനയല്ലാതെ നടത്തിയ നിയമനം

55 (2907) ശ്രീമതി എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ ഗസ്റ്റ് ലക്ചറർ, ഗസ്റ്റ് ടീച്ചർ തുടങ്ങിയ തസ്തികകളിലേക്ക് എത്ര നിയമനം നടത്തിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷം കൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിയ നിയമനമെത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉള്ള നിയമനം കുറയാൻ കാരണമെന്താണ് ;

(ഡി) വിദ്യാഭ്യാസ വകുപ്പിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് വേണ്ടതില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പോ, ഉന്നത വിദ്യാഭ്യാസ വകുപ്പോ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള മറ്റു വകുപ്പുകളോ പി.എസ്.സി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ജി) ഇത്തരത്തിൽ കത്തയയ്ക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമാണോ ;

(എച്ച്) ഇത്തരത്തിൽ പി.എസ്.സി.-യ്ക്ക് കത്തയയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഐ) ഇല്ലെങ്കിൽ അപ്രകാരം കത്തയച്ച നിയമനാധികാരികളുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

56 (2910) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം സബ്ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ തസ്തികകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ എത്ര പേർക്ക് ഏതൊക്കെ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ;

(ഡി) റാങ്ക് ലിസ്റ്റിൽ നിലവിലില്ലാത്ത തസ്തികകൾ നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവിധ തസ്തികകളിലെ കാറ്റഗറി തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly